**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **23-01-2025 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനു അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് മണ്ഡലത്തിലെ അഴൂർ എഫ്.എച്ച്.സി., അഞ്ചുതെങ്ങ് സി.എച്ച്.സി. എന്നീ ആരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | അഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>അഞ്ചുതെങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരികയാണ്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ